A

1002

# സമഗ്ര ശിക്ഷാ, കേരളം

## ആത്യന്തികവിലയിരുത്തൽ - I 2026-27

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 10

സമയം : 1 ½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ:**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4 x 1 = 4)**

1. "അറിക ഹംസമേ, അരുതു പരിദേവിതം;"

(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

ഈ വരിയിൽ 'പരിദേവിതം'എന്ന പദത്തിന്റെ അർഥം എന്ത്?

A. പരിഹാസം B. വിലാപം

C. ദേഷ്യം D. പ്രസംഗം

2. പിരിച്ചെഴുതിയ പദങ്ങളിൽ വ്യത്യസ്തമായത് ഏത്?

A. ഇക്കിളിയിടും - ഇക്കിളി, ഇടും B. ഉടമയാണ് - ഉടമ, ആണ്

C. കർത്താവാണ് - കർത്താവ്, ആണ് D. ഇരിക്കുകയാണ് - ഇരിക്കുക, ആണ്

3. "എന്റെ ഭാഷയിലെ ശ്രേഷ്ഠരായ സാഹിത്യകാരരെ, അവർ രചിച്ച സാഹിത്യകൃതികളെ ഞാൻ വായിച്ചിട്ടുണ്ട്. ആ ചിന്തകൾ എന്നെ ഒരു ശില്പമെന്നപോലെ കൊത്തിരൂപപ്പെടുത്തിയിട്ടുണ്ട്."

(മാതൃഭാഷ : നമ്മുടെ ഉള്ളിലൊഴുകുന്ന ജീവനദി)

ഈ ആശയത്തോട് യോജിക്കുന്ന ശരിയായ പ്രസ്താവന കണ്ടെത്തുക

(i) എന്റെ ഭാഷയിലെ സാഹിത്യകൃതികൾ എന്നെ സ്വാധീനിച്ചു.

(ii) എന്റെ ഭാഷയിലെ സാഹിത്യകൃതികളാണ് എന്നെ രൂപപ്പെടുത്തിയത്.

A. (i) മാത്രം ശരി B. (ii) മാത്രം ശരി

C. (i) ഉം, (ii) ഉം ശരി D. (i) ഉം, (ii) ഉം തെറ്റ്

4. "ദ്രോണരാമാചാര്യൻതാനിരിക്കെയെന്തു,
മാനിച്ചു മറ്റുള്ളോർ നിർത്തുന്നിതു പട?"

(കഥകളതിമോഹനം)

ഈ വരികളിൽ തെളിയുന്ന കർണ്ണന്റെ പ്രത്യേകതയെന്ത്?

A. കർണ്ണന്റെ അഹങ്കാരവും ധിക്കാരവും.

B. മറ്റുള്ളവരെ അംഗീകരിക്കാനുള്ള മനസ്സ്.

C. ദ്രോണാചാര്യരെ മാനിക്കാനുള്ള മടി.

D. തന്റെ കഴിവിലുള്ള അമിതമായ ആത്മവിശ്വാസം.

(മറുപുറം)

5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)
(3x3=9)

5. "ഭീഷ്മസമാനനരിനിവഹത്തിന്നു
ഭീഷ്മർ ശരശയനത്തിന്മേൽ വീണാറെ"

(കഥകളതിമോഹനം)

തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തുക.

6. അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക.

ഒരു നാടിന്റെ വിചാരധാരയെ, ജീവിതത്തെ, രേഖപ്പെടുത്തിയ അനേകം എഴുത്തുകാരെ അറിയാതെ, കേവലം വ്യാപാരത്തിനുവേണ്ടി മാത്രം ഭാഷ പഠിക്കുന്ന മനഃസ്ഥിതിയുള്ളതു കൊണ്ടാണ് നാം നമ്മുടെ അസ്തിത്വംതന്നെ കളഞ്ഞുകുളിച്ചിരിക്കുന്നത്.

(മാതൃഭാഷ : നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി)

7. A. "കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
കർണ്ണസുഖം ഞാൻ പറകയില്ലാരോടും"

(കഥകളതിമോഹനം)

കാവ്യസന്ദർഭത്തിൽ തെളിയുന്ന കർണ്ണന്റെ സ്വഭാവസവിശേഷതകൾ വിശദമാക്കുക.

അല്ലെങ്കിൽ

B. "വിവശം നിരവലംബം മമ കുടുംബവുമിനി"

(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

ഹംസം ഇങ്ങനെ വിലപിച്ചതിന്റെ കാരണമെന്ത് ? വ്യക്തമാക്കുക.

8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)
(4x5=20)

8. "പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളി-
ഞ്ഞെഞ്ചെവി രണ്ടും കുളുർക്കപ്പറക നീ".

"ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ."

(കഥകളതിമോഹനം)

എഴുത്തച്ഛന്റെ രചനാരീതിയുടെ എന്തെല്ലാം സവിശേഷതകളാണ് ഇവിടെ തെളിയുന്നത്? കുറിപ്പ് തയ്യാറാക്കുക.

9. "ശിവശിവ ! എന്തു ചെയ്‌വൂ ഞാൻ ! എന്നെ –
ച്ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ."

(സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ)

സ്വാതന്ത്ര്യം ജീവജാലങ്ങളുടെ അടിസ്ഥാന അവകാശമാണ് എന്ന ആശയം ഈ പാഠഭാഗം മുന്നോട്ടുവയ്ക്കുന്നുണ്ടോ? മുകളിൽ നൽകിയ വരികളും പാഠഭാഗവും വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

(മറുപുറം)

10. ചുവടെ നൽകിയ ഗദ്യഭാഗത്തിലെ ആശയം മൂന്നിലൊന്നായി സംഗ്രഹിച്ച് എഴുതുക.

വായനയുടെ ബാല്യദശയിൽ ഒരു റഷ്യൻ മഞ്ഞുകാലം ഉണ്ടായിരുന്നു എഴുപതുകളിൽ. അദ്ഭുതങ്ങളോ ആനന്ദങ്ങളോ എന്തിന്, ചെറിയ സമ്മാനങ്ങൾപോലും (ഒരുടുപ്പ്, കഥാപുസ്തകം, ചായപ്പെൻസിൽ, മഷിപ്പേന...) വിരുന്നു വരാനില്ലാതിരുന്ന ആ കുട്ടിക്കാലത്ത് പുസ്തകങ്ങളുടെ രൂപത്തിൽവന്ന അതിശയങ്ങളുടെ മഞ്ഞുവണ്ടികളായിരുന്നു അവ. സോവിയറ്റ് യൂണിയനിൽ നിന്നു വന്നു മലയാളം പറഞ്ഞ ബാലപുസ്തകങ്ങൾ. അവയിൽ അപരിചിതമായ പേരുകളും നാടുകളും പീലിവിടർത്തി. മഞ്ഞുമനുഷ്യനും ചെന്നായും മുയലും അപരിചിതമായ മുഖങ്ങളും വേഷങ്ങളുമുള്ള കുട്ടികളും മലയാളം പറയുന്നതുകേട്ട് പട്ടിണിയും കൊതികളുമായി തളർന്നുറങ്ങിയ കുട്ടികൾ ഞെട്ടിക്കുളിർന്ന് സ്വപ്നലോകങ്ങളിലേക്കു വിനോദയാത്ര പോയി. നിറങ്ങളുടെ പൂരവും പൊങ്കാലയും ആറാട്ടും പെരുന്നാളുമായിരുന്നു അവയിൽ. ഗ്രാമീണ വായനശാലകളിൽ ആ പരിചയങ്ങളിൽ മുഴുകിയ ബാല്യങ്ങൾ എൺപതുകൾക്കുശേഷം ജനിച്ചവർക്ക് അപരിചിതമാണ്. വി. സുത്യയെവ്, വലന്തീൻ കതായെവ്, എം. ബുലാത്തൊവ്, യൂറിയ് ഒലേഷ, അലക്സസി ടോൾസ്റ്റോയ്.. ആ അപകർഷബാല്യത്തിന്റെ അശിക്ഷിതത്വത്തിനു ചിരിയുണ്ടാക്കിയ പേരുകളുള്ള എഴുത്തുകാർ 'കുട്ടിക്കഥകളും ചിത്രങ്ങളും', 'മൂന്നു തടിയന്മാർ, 'മഴവിൽപ്പൂവ്', 'വാളമീൻ കല്പിക്കുന്നു', 'ചുക്കും ഗെക്കും', 'ബാലവാടിയിലേക്ക്', 'വെളുത്ത കലമാൻ, 'വെള്ളത്തിനു പോയ മൂഷികൻ', 'കൊമ്പുള്ള ആട്ടിൻകുട്ടി' അങ്ങനെ എത്രയോ പുസ്തകങ്ങൾ.

(ബുക്സ്റ്റാൾജിയ – പി. കെ. രാജശേഖരൻ)

11 (A). "സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണംകെട്ടു നടക്കുന്നിതു ചിലർ"

(ജ്ഞാനപ്പാന)

- "നിമിഷാർധം ശങ്കിക്കാതെ വെങ്കടേശൻ ഉടുത്ത മുണ്ടഴിച്ച് ശിങ്കത്തിന്റെ മുഖത്തെറിഞ്ഞു കോണി കയറി."
- "ഉനക്ക് എന്ന വേണം?"
  വെങ്കടേശൻ പറഞ്ഞു:
  "ചീഫ് റിപ്പോർട്ടറാകണം."

(റസിഡന്റ് എഡിറ്റർ)

മുകളിൽ നൽകിയ സൂചനകളിലെ ആശയവുമായി ബന്ധിപ്പിച്ച് വെങ്കടേശൻ എന്ന കഥാപാത്രത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

(B) "ആർക്കും അവരുടെ മാതൃഭാഷയെ മാറ്റാനാവില്ല. അങ്ങനെ ആരെങ്കിലും ചെയ്താൽ അത് പെറ്റമ്മയെ മാറ്റുന്നതുപോലെയാവും."

(മാതൃഭാഷ : നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി)

- വേരുകൾ മറക്കുന്ന വൃക്ഷം നിലനിൽക്കാത്തതുപോലെ, മാതൃഭാഷ മറക്കുന്ന ജനതയും നിലനിൽക്കില്ല.

സൂചനയും പ്രസ്താവനയും വിശകലനം ചെയ്ത് മാതൃഭാഷ - നമ്മുടെ വേര് എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

**താഴെ തന്നിരിക്കുന്ന ചോദ്യത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(7 സ്കോർ)**

**(1 x 7=7)**

12(A) "ഇന്ത്യാ പ്രധാനമന്ത്രിയെ ലാൽ ബഹാദൂർശാസ്ത്രികൾ എന്നു വിശേഷിപ്പിച്ച് അയ്യങ്കാർ അദ്ദേഹത്തിന്റെ പരിപാടികൾ 'കവർ' ചെയ്തു.
പത്രസ്വാമിക്കു ബഹുസന്തോഷമായി."

- "പട്ടിയെയും മറ്റേ വിശ്വസ്തനെയും മാറിമാറി നോക്കി പത്രസ്വാമി ചോദിച്ചു: 'ഉനക്ക് എന്ന വേണം'"

[റസിഡന്റ് എഡിറ്റർ]

- പത്രമാധ്യമലോകത്തെ അനാരോഗ്യപ്രവണതകളെ നർമ്മമധുരമായി അവതരിപ്പിക്കുന്ന കഥയാണ് റസിഡന്റ് എഡിറ്റർ.

മുകളിൽ നൽകിയ പ്രസ്താവനയും കഥാസന്ദർഭങ്ങളും റസിഡന്റ് എഡിറ്റർ എന്ന കഥയും വിശകലനം ചെയ്ത് **കഥകൾ കാലത്തിന്റെ കണ്ണാടി** എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**പുസ്തകങ്ങൾ**

സുഖത്തിൽ സുഖമായി,ദു:ഖത്തിലാശ്വാസമായ്
ഇരുട്ടിൽ വെളിച്ചമായ്,ആശയായ് നിരാശയിൽ,
അറിവായ് പതറുന്ന ബുദ്ധിയിൽ; തെളിച്ചമായ്
നിഴൽ മൂടുമോർമ്മയിൽ; കരുത്തായ് തളർച്ചയിൽ,
യൗവനത്തിലെ പ്രിയതോഴരായ്; വാർധക്യത്തിൻ
ദിവ്യമാം താങ്ങായ്;സുസ്ഥിരങ്ങളായ് വിശ്വസ്തരായ്
പുസ്തകങ്ങളേ,നിങ്ങൾ രാജിപ്പൂ, മനുഷ്യന്റെ-
യദ്ഭുതസ്നേഹാദരവിശ്വാസം നിങ്ങൾക്കല്ലോ
നിങ്ങളെ സ്നേഹിപ്പതേ നിങ്ങളെപ്പാലിപ്പതേ
നിങ്ങളെ നീളും കൈയിൽ പകരുന്നതേ പുണ്യം.

( സുഗതകുമാരി )

| രാജിപ്പൂ - ശോഭിക്കുന്നു |
|---|

***************